**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3495**

**11-12-2018-ൽ മറുപടിക്ക്**

## പ്രളയക്കെടുതിയിൽ നെൽകൃഷിമേഖലയ്ക്കുണ്ടായ നാശനഷ്ടം

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ നെൽകൃഷിമേഖലയിൽ വെള്ളം പമ്പ് ചെയ്യുന്ന മോട്ടോറുകൾ, പെട്ടി പറകൾ, മോട്ടോർ തറകൾ, ഷെഡ്ഡുകൾ എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടത്തെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവ പുനഃസ്ഥാപിക്കുന്നതിനായി എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, എഞ്ചിനീയറിംഗ് കോളേജ് എന്നിവരുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തി മോട്ടോർ പമ്പ് സെറ്റ്, പെട്ടി, പറ എന്നിവയുടെ റിപ്പയറിംഗ് നടപടികൾ സ്വീകരിച്ചു വരുന്നു. 80% പമ്പ് സെറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| (സി) | നാശത്തിന് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | മോട്ടോർ പമ്പ് സെറ്റ് റിപ്പയറിംഗ്, പെട്ടി, പറ, റിപ്പയറിംഗ്, ബണ്ട് പുനരുദ്ധാരണം എന്നിവയ്ക്കായി ഇതുവരെ 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ